# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P8)-313/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P8)-313/2023 തീയ്യതി: 01/04/2023

# തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 17-02-2023 | 25-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-02-2023 | 25-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്ത് പി.ആർ, ഓഡിറ്റർ
ശ്രീ.കൃഷ്ണരാഹുൽ എം.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീമ. കെ.നായർ. എം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഷീല. എം. ബി | സെക്രട്ടറി | 01-04-2021 | 01-12-2021 |
| ജെയ്സൺ.പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2021 | 20-12-2021 |
| മധുരാജ്.കെ | സെക്രട്ടറി | 21-12-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെയ്സൺ.പി.എ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| സിമി.വി.യു | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സിജോ ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.ഗ്രീഷ്മ.വി.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.അജിത.എം.എ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ഫിജു.ടി.വൈ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.സിജോ ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| വൽസല.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഷമീന പി എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| രാധിക.സി.ബി | വി.ഇ.ഒ (കാറളം സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീദേവി.കെ.എ | വി.ഇ.ഒ (മനവലശ്ശേരി സർക്കിൾ) | 01-04-2021 | 01-10-2021 |
| രാധിക.സി.ബി | വി.ഇ.ഒ (കാറളം സർക്കിൾ) ഇൻചാർജ് | 02-10-2021 | 06-10-2021 |
| ബാബു.ഇ.എസ് | വി.ഇ.ഒ (മനവലശ്ശേരി സർക്കിൾ) | 07-10-2021 | 31-03-2022 |
| അനില.ടി.തെയ്യശ്ശഞ്ചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ജിബിന എം.എം | ഫിഷറീസ് ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | സഞ്ചയ ഗണിതക്രിയയിൽ വ്യത്യാസം | 1-10-2 |
| 13 | വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-10-3 |
| 14 | വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല | 1-10-4 |
| 15 | “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം വസ്തുനികുതി അഡ്വാൻസ് തുക ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതിന്റെ സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല | 1-10-5 |
| 16 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-6 |
| 17 | ഡി&ഒ -ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. | 1-10-7 |
| 18 | പ്രയർ പിരീഡ് തുകകൾക്ക് വൌച്ചറുകളോ, വർക്ഷീറ്റുകളോ തയ്യാറാക്കിയിട്ടില്ല | 1-10-8 |
| 19 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല | 1-10-9 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-10 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-11 |

| | | |
|---|---|---|
| 22 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-10-12 |
| 23 | വ്യാപാര സംരംഭക ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 24 | വാർഡ് 2 ലെ പൊന്തേങ്കണ്ടത്ത് റോഡ് അനധികൃത കൈയ്യേറ്റം-തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 25 | ലേലം -ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല | 1-13 |
| 26 | മണ്ണ് ലേലം - ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല | 1-14 |
| 27 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-15 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-16 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്. | 1-17 |
| 30 | വസ്തു നികുതി ഈടാക്കിയതിലെ അപാകതൾ | 1-18 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലനം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 32 | കുടുംബാരോഗ്യകേന്ദ്രം-മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-20 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറിക്ക് ധനസഹായം-നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 34 | പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-10 എണ്ണം ഓഡിറ്റ് തിയ്യതിയിലും വിതരണം നടത്താതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 35 | എൽ ഇ ഡി നിർമ്മാണയൂണിറ്റ്-ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത കണ്ടെത്തി സംരംഭത്തിന്റെ തുടർപ്രവർത്തനം ഉറപ്പാക്കേണ്ടതാണ്. | 1-23 |
| 36 | കൃഷിഭവനിലേക്ക് ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് മുൻകൂർ നൽകി-കമ്പ്യൂട്ടർ ഓഡിറ്റ് തിയ്യതിയിലും ലഭ്യമായിട്ടില്ല. | 1-24 |
| 37 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്കുകൾ - പൊതു അപാകതകൾ | 1-25 |
| 38 | പൊൻ കതിർ പദ്ധതി-നെൽ വിത്തിന്റെ വിതരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 39 | നെൽകൃഷി കൂലി ചെലവ്-അപേക്ഷകളിൽ കൃഷി ഓഫീസറുടെ വാലേഷൻ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. | 1-27 |
| 40 | ഖരമാലിന്യനിർമ്മാർജ്ജനം-ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 41 | ലൈഫ് മിഷൻ - ടവർ (ഫ്ലാറ്റ്) നിർമ്മാണം-തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-29 |
| 42 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. | 1-30 |

| | | |
|---|---|---|
| 43 | നിഷ്ക്രിയ ആസ്തിയായി തുടരുന്ന കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 1-31 |
| 44 | തെരുവുവിളക്ക് അറ്റകുറ്റപണി-ടെണ്ടർ നടപടികളിലെ അപാകതകളും ജി എസ് ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കുന്നതും | 1-32 |
| 45 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് - കെൽട്രോണിന് മുൻകൂർ - നാളിതുവരെ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടില്ല | 1-33 |
| 46 | ക്ലീൻ കേരള കമ്പനിയ്ക്ക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തുക കൈമാറൽ-വേയ്ബ്രിഡ്ജ് ബിൽ ഇല്ലാതെ തുക നല്കി | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 19.02.2021, തീരുമാനം നം.1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 141547731 | 137439301 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.03.2022, തീരുമാനം നം. 1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 156720690 | 153064561 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 16.05.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 9010492.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 66631993.00 |
| ആകെ | 75642485.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65168684.00 |
| നീക്കിയിരിപ്പ് | 10473801.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11594211 | 11594211 | 11507999 | 86212 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7760914 | 7760914 | 7269662 | 491252 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9337000 | 9337000 | 8549353 | 787647 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4870979 | 4870979 | 3638598 | 1232381 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9500774 | 9500774 | 6145912 | 3354862 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 186 | 61176661 | 169 | 47416094 | 77.5 | 91% |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 5978400.00 | 405 |
| വിധവാ പെൻഷൻ | 15035500.00 | 928 |
| വാർദ്ധക്യകാല പെൻഷൻ | 34216600.00 | 2296 |
| വികലാംഗ പെൻഷൻ | 3999600.00 | 258 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3999600.00 | 77 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000.00 | 7 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.50 | 819440 | 819440.50 | 819440.50 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10389448 | 10389448 | 10389448 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.23 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4805/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ

ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകളിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 01/21.02.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-10-2 സഞ്ചയ ഗണിതക്രിയയിൽ വ്യത്യാസം

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2488467 | 2500984 | 7945 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2488467 | 2480473 | 1153 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101 -Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1097734 | 1110878 | 13273 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1097734 | 1084468 | 280 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | ( 350410104- Advance | |

| | | | | | |
|---|---|---|---|---|---|
| | | അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | Collection- PT On NR Bldg-ന്റെ ലെഡ്ജർ) | |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 142507 | 142507 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *137158 | 142507 | 0 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (125209+18807= 144016/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 167511 | 167511 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 146005 | 167511 | 0 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(149398+3907= 153305/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | നോൺ റെസിഡൻഷ്യൽ | 55310 | 8404 | 63772 | 55895 | 8404 | 64299 | 672 | | 0 | 0 | 0 |
| | റെസിഡൻഷ്യൽ | 126670 | 7263 | 134237 | 126842 | 7263 | 134105 | 433 | | 0 | 0 | 0 |
| | ആകെ | | | 198009 | | | 198404 | 1105 | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 197647 | | | 198404 | | | - | 198404 | 0 | | |
| | | 14486+183161 = (2020-21ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | Govt Cess/levies...... ലെഡ്ജർ 2021-22) | . | | | |

1-10-3 വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 20511 | 145444 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 26410 | 110074 |

1-10-4 വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ കാറളം ഗ്രാമപഞ്ചായത്തിൽ 156 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം

ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-5 "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം വസ്തുനികുതി അഡ്വാൻസ് തുക ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതിന്റെ സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 1153 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്ര. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100280 | 31.03.2022 | 1153 |

### 1-10-6 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ലേലം രജിസ്റ്റർ

4 ഡി&ഒ ലൈസൻസ് രജിസ്റ്റർ

5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-10-7 ഡി&ഒ -ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For | 107000 |

| | | | |
|---|---|---|---|
| | | Dangerous And Offensive Trades | |

### 1-10-8 പ്രയർ പിരീഡ് തുകകൾക്ക് വൌച്ചറുകളോ, വർക്ക്ഷീറ്റുകളോ തയ്യാറാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 1891 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (9247) |
| 280200401-Prior Period Income-Other Income | (25710) |
| 280800501-Prior Period- Miscellaneous Expenses | (121278) |

### 1-10-9 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1463309 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7116515 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-12 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 4941097 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

1-11 വ്യാപാര സംരംഭക ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം, പഞ്ചായത്തിൽ താഴെ കൊടുത്തിരിക്കുന്ന ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ക്ഷീര സഹകരണ സംഘം |
|---|---|
| 1 | കാറളം ക്ഷീര സഹകരണ സംഘം (R-35 D) |
| 2 | പുല്ലത്തറ ക്ഷീര സഹകരണ സംഘം (R-286 D) |
| 3 | താണിശ്ശേരി ക്ഷീര സഹകരണ സംഘം (R-187 D) |

2021-22 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടില്ല.

2. 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3(1) പ്രകാരം, താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചികൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232 ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്.

1. കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ

2. ആട് ഫാം : ഇരുപത് മൃഗങ്ങൾ

3. പന്നി ഫാം : അഞ്ച് മൃഗങ്ങൾ

4. മുയൽ ഫാം : ഇരിപത്തിയഞ്ച് മൃഗങ്ങൾ

5. പൗൾട്ടി ഫാം : നൂറ് പക്ഷികൾ

സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല. കാറളം ഗ്രാമപഞ്ചായത്ത് സീനിയർ വെറ്റിനറി സർജ്ജൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്തിൽ കന്നുകാലി ഫാം നടത്തുന്ന കർഷകരുടെ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പേര് | വാർഡ് | വില്ലേജ് | ആകെ മൃഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | റോഷൻ കുമ്പളപ്പറമ്പിൽ | 4 | കാറളം | 8 |
| 2 | ഔസേപ്പ് കാട്ടിലപ്പീടിക | 4 | കാറളം | 9 |

| | | | | |
|---|---|---|---|---|
| 3 | തോമസ് കീനിക്ക, ചെമ്മണ്ട | 4 | കാറളം | 9 |
| 4 | ജോർജ്ജ് വെള്ളാനിപ്പറമ്പിൽ | 9 | മനവലശ്ശേരി | 16 |
| 5 | ജോസ് ചെമ്പകശ്ശേരി | 9 | മനവലശ്ശേരി | 40 |
| 6 | സുധൻ കണ്ടേങ്കാട്ടിൽ | 10 | മനവലശ്ശേരി | 21 |
| 7 | ഷാജുകുമാർ കുഞ്ഞിലിക്കാട്ടിൽ | 7 | മനവലശ്ശേരി | 17 |
| 8 | ജെൻസൺ ചക്കാലക്കൽ | 8 | മനവലശ്ശേരി | 8 |
| 9 | സുരേഷ് തെങ്ങുംപിള്ളി | 11 | മനവലശ്ശേരി | 13 |
| 10 | റോസ്മേരി ചിറയത്ത് | 14 | കാറളം | 9 |

2021-22 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് ഫാം നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടില്ല.

3. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2021-22 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾക്ക്, ടി സാമ്പത്തികവർഷം ലൈസൻസ് അനുവദിച്ചിട്ടില്ല.

4. പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം 14-ാം വാർഡിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | സ്ഥാപനത്തിന്റെ പ്രവർത്തനം |
|---|---|---|---|---|
| സ്റ്റാർ പോളിമേഴ്സ് | റിജു നിൽജോ | 14/255 | 594.11 | 315.7 HP ഉപയോഗിച്ച് പ്ലാസ്റ്റിക് ഫർണ്ണീച്ചർ നിർമ്മാണം നടത്തുന്നതിന് |
| എ വി ടി ഇൻഡസ്ട്രീസ് | റിജു നിൽജോ | 14/255 A | 668.95 | 150 HP ഉപയോഗിച്ച് പ്ലാസ്റ്റിക് നിർമ്മാണം നടത്തുന്നതിന് (പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 07.09.2019 ലെ PCB/TSR /IC/9900/18 നമ്പർ |

| | | | | |
|---|---|---|---|---|
| | | | | സർട്ടിഫിക്കറ്റ് പ്രകാരം) |

2021-22 സാമ്പത്തിക വർഷത്തെ വ്യാപാരക സംരഭക ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട്, പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (07/24.02.2023, 20/25.02.2023) മറുപടി ലഭ്യമാക്കിയില്ല.

ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും, സുരക്ഷിതത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നതിനും സാധ്യതയേറെയാണ്. ലൈസൻസ് ഇല്ലാതെ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും അത്തരം സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 വാർഡ് 2 ലെ പൊന്തേങ്കണ്ടത്ത് റോഡ് അനധികൃത കൈയ്യേറ്റം-തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.

പഞ്ചായത്ത് ഭരണസമിതി മിനിറ്റ്സ് പരിശോധിച്ചതിൽ, 07.12.2021 ലെ 13(1) നമ്പർ തീരുമാനമനുസരിച്ച് താഴെ കൊടുത്തിരിക്കും പ്രകാരം തീരുമാനം എടുത്തിട്ടുള്ളതാണ്.

" കാറളം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ താമസക്കാരനായ ശ്രീ. വത്സൻ, തെക്കൂട്ട് വീട്, കാറളം എന്നവർ അനധികൃതമായി റോഡ് കയ്യേറി നിർമ്മാണം നടത്തിയതിന് 25/10/2021 ൽ അനധികൃത നിർമ്മാണം നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ നിർമ്മാണം നിർത്തിയിട്ടില്ലാത്തതാണെന്നും ഇതു സംബന്ധിച്ച് വാർഡിലെ താമസക്കാരായ 23 വ്യക്തികൾ ഒപ്പിട്ട് ഹാജരാക്കിയ പരാതിയും ഇതോടൊപ്പം കമ്മിറ്റിയ്ക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ കയ്യേറ്റം സംബന്ധിച്ച് എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടും കമ്മിറ്റി പരിശോധിച്ചു. ശ്രീ. വൽസൻ എന്നവർ അനധികൃതമായി പെർമിറ്റ് എടുക്കാതെ മതിൽ നിർമ്മാണം നടത്തിയത് ചട്ടലംഘനമായതിനാലും നിർമ്മാണം നിർത്തി വെയ്ക്കുന്നതിന് നോട്ടീസ് നൽകിയത് അനുസരിക്കാത്തതിനാലും ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കി ചട്ടലംഘനത്തിനും നിയമാനുസൃത പിഴ ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. റോഡിന്റെ നിയമാനുസൃത വീതി കൃത്യമായി അളന്ന് നിശ്ചയിക്കാൻ കഴിയാത്തതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തി തരുന്നതിന് മുകുന്ദപുരം താലൂക്ക് സർവ്വേയർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(08/24.02.2023), ഭൂമിയുടെ അതിർത്തി അളന്നു തിട്ടപ്പെടുത്തുന്നതിന് മുകുന്ദപുരം ഭൂരേഖ തഹസിൽദാർക്ക് 08.03.2022 തീയതിയിൽ എ3/6464/2021 നമ്പർ കത്തു നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃതമായി റോഡ് കൈയ്യേറ്റം നടന്നിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതും മേൽ വിഷയത്തിലെ തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലേലം -ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ റസീറ്റ് & പേമെന്റ് ഷെഡ്യൂൾ RP-5, Sale & Hire ഹെഡിനത്തിലായി താഴെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ വരവുള്ളതാണ്.

| ക്രമ നം | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 150120103 | Sale Of Scrap | 16,000/- |

മേൽ പട്ടികപ്രകാരമുള്ള തുകകൾ വരവ് വന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/25.02.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള വരവിനങ്ങളുടെ

കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. ടി ഫയലുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-14 മണ്ണ് ലേലം - ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല

തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, 2019-20 സാമ്പത്തിക വർഷത്തിൽ കാറളം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ നന്തി-താണിശ്ശേരി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി കാന കുഴിച്ചപ്പോൾ ലഭ്യമായ 300 ക്യു.മീ മണ്ണ്, വാല്യുവേഷൻ നടത്തി, അസി. എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്. ക്യുബിക് മീറ്ററിന് 350 രൂപ നിരക്കില്, 105000/- രൂപ വിലയുള്ള മണ്ണ്, ലൈഫ് മിഷന്റെ ഭവന സമുച്ചയം നിർമ്മിക്കുന്ന സ്ഥലത്താണ് നിക്ഷേപിച്ചിരുന്നത്. 24.02.2021 തീയതിയിൽ മണ്ണ് ലേലം നടന്നെങ്കിലും ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണത്തിൽ കുഴിച്ചെടുത്ത മണ്ണുമായി കൂടിച്ചേർന്നതിനാൽ ലേലം ഏറ്റെടുക്കുന്നതിന് ആരും തയ്യാറായില്ല. ലൈഫ് ഭവന സമുച്ചയം നിർമ്മാണത്തിനായുള്ള സ്ഥലത്ത് ലേലം ചെയ്യുന്നതിനായി മണ്ണ് കൂട്ടിയിട്ടിരുന്നത്, ഭവന സമുച്ചയ നിർമ്മാണത്തിനായി കുഴിച്ചെടുത്ത മണ്ണുമായി കൂടി കലർന്ന് ലേലം ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതായും ആയതിനാൽ കാന നിർമ്മാണത്തിനുള്ള മണ്ണിന്റെ വാല്യുവേഷൻ എടുത്ത് തുക കണക്കാക്കി ലൈഫ് മിഷനിൽ നിന്നും ഈടാക്കുന്നതിന് 18.06.2021 ലെ 7(2) നമ്പർ തീരുമാനം പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ നഷ്ടപരിഹാര തുക ഈടാക്കുവാൻ തീരുമാനിച്ചിരുന്നില്ല. അതിനാൽ മൂല്യനിർണ്ണയം നടത്തി ലഭ്യമായ തുകയിന്മേൽ 1% അധിക തുക നഷ്ടപരിഹാര തുകയായി ലൈഫ് മിഷനിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 27.09.2022 ലെ 14(1) നമ്പർ തീരുമാനം എടുത്തിട്ടുള്ളതാണ്.

ആയതിനാൽ നഷ്ടപരിഹാര തുകയുൾപ്പടെ 106050/- രൂപ ലൈഫ് മിഷനിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഈടാക്കിയിട്ടില്ലെങ്കിൽ തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/25.02.2023) മറുപടി ലഭ്യമാക്കിയില്ല. നഷ്ടപരിഹാര തുകയുൾപ്പടെ ലൈഫ് മിഷനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | മാർക്കിലിത്ത | 21.09.2021 | 107750201077 | ആക്ടീവ് |
| 2 | കുമാരൻ കെ സി | 15.11.2021 | 107750202049 | ആക്ടീവ് |
| 3 | രാജൻ എം ആർ | 13.11.2020 | 107750200886 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|

| | | | | | | | | വിവരം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | മാർക്കിലിത്ത | 107750201077 | വാർദ്ധക്യകാല പെൻഷൻ | 21.09.2021 | 154/2021 13.10.2021 | ആക്ടീവ് | 10/21-11/22 | 1600 | 22400 | 22400 |
| 2 | കുമാരൻ കെ സി | 107750202049 | വാർദ്ധക്യകാല പെൻഷൻ | 15.11.2021 | 180/2021 | ആക്ടീവ് | 12/21 - 11/22 | 1600 | 19200 | 19200 |
| 3 | രാജൻ എം ആർ | 107750200886 | വാർദ്ധക്യകാല പെൻഷൻ | 13.11.2020 | ലഭ്യമല്ല | ആക്ടീവ് | 12/20-11/22 | 600 | 14400 | 14400 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 56000 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ കാറളം പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റ് പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ജാനകി ചന്ദ്രൻ | 107650201587 | വാർദ്ധക്യ കാല പെൻഷൻ | 01.10.2021 | 162/21 27.10.2021 | സസ്പെൻഡ് | ചേർപ്പ് ഗ്രാമ പഞ്ചായത്ത് | 11/21-9/22 | 1600 | 17600 | 17600 |
| 2 | ആന്റണി ടി കെ | 2220268874 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 23.09.2021 | 157/2021 23.10.2021 | ആക്ടീവ് | Agriculture Office Karalam | 10/21 - 11/22 | 1600 | 22400 | 22400 |
| 3 | സുബ്രമണ്യൻ കെ എ | 2220268889 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 07.09.2021 | 142/21 22.09.21 | ആക്ടീവ് | Agriculture Office Karalam | 10/21 - 11/22 | 1600 | 22400 | 22400 |
| 4 | ലോനക്കുട്ടി | 2220268924 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ | 20.11.2020 | ലഭ്യമല്ല | ആക്ടീവ് | Agriculture Office Karalam | 12/20-11/22 | 1400*1<br>1500*4<br>1600*19 | 1400<br>6000<br>30400 | 37800 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ഫാർമേഴ്സ് | | | | | | | | |
| 5 | രാജൻ എം ആർ | 220348690 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 13.11.2020 | ലഭ്യമല്ല | ആക്ടീവ് | Agriculture Office Karalam | 12/20-11/22 | 1400*1<br>1500*4<br>1600*19 | 1400<br>6000<br>30400 | 37800 |

4. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ കാറളം ഗ്രാമപഞ്ചായത്തിലെ രാമവർമ്മ എന്ന വ്യക്തി (പെൻഷൻ ഐഡി: 107750200095) അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കാറളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 18/25.02.23) മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.2020 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം, മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കാറളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും കാറളം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനർഹമായി നൽകിയ 56000/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ചും ക്രമ നമ്പർ 4 ൽ പരാമർശിച്ച വ്യക്തിയിൽ നിന്നും, അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2021-22 വർഷ കാലയളവിൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾക്കായി AE യുമായി കരാറിലേർപ്പെട്ടിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്. | ക്രമ നം. | പേര്. |
|---|---|---|---|

| | | | |
|---|---|---|---|
| 1. | സന്തോഷ് ടി.സി. | 9. | ബിജീഷ് എൻ.സി |
| 2. | ഗ്രിന്റോ വർഗ്ഗീസ് | 10. | ജയകുമാർ കെ ആർ |
| 3. | റപ്പായി | 11. | ലെസ്കൺ എഞ്ചിനീറിംഗ് |
| 4. | ഗേറ്റ് വേ ബിൽഡേഴ്സ് | 12. | ബിജു ടോം |
| 5. | റിജോ ജോസ് | 13. | രഞ്ജിത്ത് ടി |
| 6. | അശോകൻ ഒ.പി. | 14. | ഉണ്ണികൃഷ്ണൻ ടി.എസ് |
| 7. | ഇസ്മെയിൽ | 15. | സുൽജിത്ത്. ടി.എസ് |
| 8. | സജീവൻ കെ ചന്ദ്രൻ | | |

തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

1. ക്ഷീര വ്യവസായ സഹകരണ സംഘം, പുല്ലത്തറ
2. റേഷൻ ഡിപ്പോ , കാറളം
3. PDDP കാറളം
4. V കെയർ ഡെന്റൽ ക്ലിനിക്ക്
5. ലോട്ടസ് ഡെന്റൽ കെയർ
6. കാറളം കോപ്പറേറ്റീവ് ബാങ്ക് കാവപ്പുര
7. ശബരി ഡിസ്ട്രിബൂഷൻ , കിഴുത്താണി. ( കെട്ടിട നം. 8/183/A )
8. കള്ള് ഷാപ്പ്, തലയണക്കുന്ന്, കാറളം. (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം.71)— ആദ്യ അർദ്ധവർഷം
9. സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 346, 347, 348, 349, 350, 351, 352 പ്രകാരം സുനിൽ,സോജിൽ , രാജു എന്നിവരുടെ പേരിലുള്ള കള്ള് ഷാപ്പുകൾ (7 എണ്ണം ) - ആദ്യ അർദ്ധവർഷം

പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 10 / 24.02.23)

1-17 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല

1. കേരള വാട്ടർ അതോറിറ്റി
2. 110 KV സബ്സ്റ്റേഷൻ
3. സബ് റീജയണൽ സ്റ്റോർ , KSEB
4. കാറളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് , കാവപ്പുര
5. മാവേലി സ്റ്റോർ,
6. കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് , താണിശ്ശേരി.
7. ക്ഷീര വ്യവസായ സഹകരണ സംഘം , കാറളം
8. ക്ഷീര വ്യവസായ സഹകരണ സംഘം , താണിശ്ശേരി
9. ക്ഷീര വ്യവസായ സഹകരണ സംഘം , പുല്ലത്തറ
10. അക്ഷയ സെന്റർ , കിഴുത്താണി.
11. കുമരഞ്ചിറ ചിറ്റ്സ് കാറളം
12. KSEB കാട്ടൂർ സബ്സ്റ്റേഷൻ
13. കള്ള് ഷാപ്പുകൾ

A. തലയണകുന്ന് ,കാറളം

B. കള്ള് ഷാപ്പ് നം. 40,42,43,20

തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് നികുതി പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12 / 25.02.23)

## 1-18 വസ്തു നികുതി ഈടാക്കിയതിലെ അപാകതൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന കെട്ടിട നമ്പറുകൾക്ക് ഇളവ് അനുവദിച്ചതായി കാണുന്നു. എന്നാൽ കെട്ടിട ഉടമയുടെ, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ / സാക്ഷ്യപത്രം കാണുന്നില്ല.

| ക്രമ. നം. | കെട്ടിട നം. | ക്രമ. നം. | കെട്ടിട നം. | ക്രമ. നം. | കെട്ടിട നം. |
|---|---|---|---|---|---|
| 1 | 1/96 | 20 | 5/307 | 39 | 9/252 |
| 2 | 1/162 | 21 | 5/378 | 40 | 9/297 |
| 3 | 1/215 | 22 | 5/380 | 41 | 9/348 |
| 4 | 1/264 | 23 | 6/35 | 42 | 9/415 |
| 5 | 1/379 | 24 | 6/118 | 43 | 9/420 |
| 6 | 2/70 | 25 | 7/22 | 44 | 10/158 |
| 7 | 2/165 | 26 | 7/44 | 45 | 10/199 |
| 8 | 2/479/A | 27 | 7/123 | 46 | 10/457 |
| 9 | 2/502 | 28 | 7/220 | 47 | 11/106 |
| 10. | 3/90 | 29 | 7/275 | 48 | 11/196 |
| 11 | 3/115 | 30 | 7/278 | 49 | 11/395 |
| 12 | 3/152 | 31 | 7/359 | 50 | 11/405 |
| 13 | 3/154 | 32 | 8/10 | 51 | 11/444 |
| 14 | 3/181 | 33 | 8/98 | 52 | 12/296 |
| 15 | 3/411 | 34 | 8/288 | 53 | 13/309 |
| 16 | 4/29 | 35 | 8/372 | 54 | 13/324 |
| 17 | 5/38 | 36 | 9/13 | 55 | 13/423 |
| 18 | 5/90 | 37 | 9/39 | 56 | 14/306/1 |
| 19 | 5/304 | 38 | 9/222 | 57 | 15/181 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് കൃത്യമായ മറുപടി ലഭ്യമായില്ല. ബന്ധപ്പെട്ട നിശ്ചിത രീതിയിൽ അപേക്ഷകൾ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇളവ് നൽകിയതിന് കാരണം വിശദമാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി. നം. 11 /25.02.2023 )

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലനം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം:12/22
നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ
വികസന ഫണ്ട് ചെലവു തുക: 750000 വൗച്ചർ നം: 22100566/23.9.21/500000
വൗച്ചർ നം: 22100885/17.12.21/250000
ഗുണഭോക്തൃ വിഹിതം:750000
മേൽ പദ്ധതി പ്രകാരം 60 ഗുണഭോക്താക്കൾക്ക് പുല്ലത്തറ ക്ഷീരോൽ പാദക സഹകരണ സംഘം മുഖേന കാലിത്തീറ്റ വിതരണം നടത്തിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു.
സുജയ സി.എസ്( 27.11.22 വരെ) സുജിത് സി.എസ്(വാങ്ങിയിട്ടില്ല.)
പദ്ധതി പൂർത്തീകരിക്കാതെ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി എസ്.എൽ.ബി.പി യിൽ അടവാക്കിയ സബ്സിഡി തുക എസ്.എൽ.ബി.പി പ്രോജക്ട് ഡയറക്ടറിൽ നിന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് SLBP ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-20 കുടുംബാരോഗ്യകേന്ദ്രം-മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പിലാക്കിയ ചുവടെ കൊടുക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുള്ള മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ.48/2021-22 (കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ)
ചെലവു തുക: 226769 (Maintanance Fund Non Road)
വൗച്ചർ നം/ തിയതി/തുക: 22100559/15.09.21/54353
വൗച്ചർ നം/ തിയതി/തുക:22101291/22.3.22/165742
വൗച്ചർ നം/ തിയതി/തുക:22101361/29.3.22/6674

മേൽ സൂചിപ്പിച്ച തുകകളിൽ പ്രൊഫോർമ ഇൻവോയ്സ് നമ്പർ- PRF 6577/05.03.2022 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് 165742/- രൂപ നല്കിയിരുന്നു. ആയതിൽ 164560 രൂപയുടെ മരുന്ന് ഇതു വരെ ലഭ്യമായി. വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 2407/18.5.22 | 161359 |
| 2 | 2408/18.5.22 | 2443 |
| 3 | 20900/21.12.22 | 758 |
| | ആകെ | 164560 |

1182 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

2. പ്രോജക്ട് നമ്പർ.46/2021-22 (അമൃതം ജീവാമൃതം {പാലിയേറ്റീവ് പരിചരണം})
ജില്ലാ പഞ്ചായത്ത് ഫണ്ട് ചെലവു തുക:200000
വൗച്ചർ നം/ തിയതി/തുക: 22100805/18.10.21/200000
വികസന ഫണ്ട് ചെലവു തുക:943
വൗച്ചർ നം/ തിയതി/തുക: 22100806/18.10.21/943
പ്രൊഫോർമ ഇൻവോയ്സ് നമ്പർ- PRF 2318/23.09.21 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് 2,00,943/- രൂപ നല്കിയിരുന്നു. ആയതിൽ 153728 രൂപയുടെ മരുന്ന് ഇതു വരെ ലഭ്യമായി. വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1. | 9135/17.11.21 | 147351 |
| 2. | 15039/15.3.22 | 4278 |

| | | |
|---|---|---|
| 3. | 10547/9.9.22 | 2099 |
| | ആകെ | 153728 |

47215 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം: 3/ 22. 2. 23 )

## 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറിക്ക് ധനസഹായം-നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറിക്ക് ധനസഹായം
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി

| പ്രോജക്ട് നമ്പർ | വൗച്ചർ നം/ തിയ്യതി | തുക |
|---|---|---|
| വികസന ഫണ്ട് (SCP)ചെലവ് തുക:400000 | | |
| 125/22(SO) | 22101026/11.1.22 | 76526 |
| | 22100646/16.10.21 | 25069 |
| | 22101048/31.1.22 | 80051 |
| | 22101373/30.3.22 | 48405 |
| | 22101317/26.3.22 | 69949 |
| | 22100363/15.7.21 | 100000 |
| വികസന ഫണ്ട് (SCP)ചെലവ് തുക:583002 | | |
| 35/22(New) | 22101094/11.2.22 | 50000 |
| | 22101046/19.1.22 | 50000 |
| | 22101234/15.3.22 | 191907 |
| | 22101107/18.2.22 | 77004 |
| | 2210218/25.2.22 | 50000 |
| | 22101372/30.3.22 | 164091 |

1. മേൽ രണ്ടു പ്രൊജക്ടുകൾ പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് 6 ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിൽ പുതിയ പ്രൊജക്ടിൽ തുക അനുവദിച്ച 4 പേരിൽ ഒരു ഗുണഭോക്താവ് ഓഡിറ്റ് തിയ്യതിയിലും നിർമ്മാണം പൂർത്തീകരിച്ചില്ല.അഭിനവ് കെ.ബി, C/o ബൈജു കൊല്ലയിൽ, W13 (കൈപ്പറ്റിയ തുക:100331 രൂപ).പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2636/2018 ത.സ്വ.ഭ.വ തിയതി 15.10.2018 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകുന്ന പഠനമുറിയുടെ തറ വിസ്തീർണ്ണം 120 ചതുരശ്ര അടിയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ,വാല്യുവേഷൻ നടത്തിയ ഓവർസിയർ എന്നിവർ പഠനമുറിയുടെ തറ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തറവിസ്തീർണം സംബന്ധിച്ച സാക്ഷ്യപത്രം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് വാങ്ങി ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം:4/22.2.23) മറുപടി നൽകി. 6 ഗുണഭോക്താക്കളുടെയും സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

3.സ്പിൽ ഓവർ പ്രോജക്ടിൽ {125/22(SO)} 2 പേർക്കും പുതിയതിൽ {35/22(New)} 4 പേർക്കും അടക്കം 6 പേർക്ക് ധനസഹായം നൽകി. പ്രസ്തുത വാസഗൃഹങ്ങളുടെ വസ്തുനികുതി വർദ്ധിച്ച വിസ്തീർണ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ എന്ന വിഷയത്തിൽ പഠന മുറിയുടെ വിസ്തീർണ്ണം കൂട്ടി ചേർത്ത് ആകെ വിസ്തീർണ്ണം 60 സ്ക്വയർ മീറ്ററിൽ അധികരിക്കുന്ന പക്ഷം വസ്തു നികുതി നിർണ്ണയിച്ച് നൽകുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം:4/22.2.23) മറുപടി നൽകി. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-10 എണ്ണം ഓഡിറ്റ് തിയ്യതിയിലും വിതരണം നടത്താതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രൊജക്റ്റ് നം.38/22
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി
പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം
വികസന ഫണ്ട് (SCP) ചെലവു തുക: 300000
വൗച്ചർ നം/ തിയതി/ ചെലവു തുക: 22101019/6.1.22/152252/-
വൗച്ചർ നം/ തിയതി/ ചെലവു തുക:22101093/11.2.22/147748/-
ആർട്ട്കോയിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയത്. ഇൻവോയ്സ് നമ്പരുകൾ 333/5.1.22, 457/8.2.22 എന്നിവ പ്രകാരം 34+35=69 കട്ടിലുകൾ ഇറക്കിയെങ്കിലും ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം 59 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. കട്ടിൽ ഒരെണ്ണത്തിന് 3687 രൂപയാണ് വില. 2021 - 22 വർഷത്തേക്കുള്ള ഗുണഭോക്തൃലിസ്റ്റിൽ 91 പേർ ഉണ്ടായിട്ടും 10 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:5/22.2.23) നിർവ്വഹണഘട്ടത്തിൽ ഗുണഭോക്താക്കളിൽ അർഹതയില്ലാത്തവരായ ധാരാളംപേർ ഉൾപ്പെട്ടതായി കണ്ടെത്തിയെന്നും, അർഹതയില്ലാത്തവരെ ഒഴിവാക്കിയാണ് 59 കട്ടിലുകൾ വിതരണം നടത്തിയതെന്നും മറുപടി നൽകി. സൂക്ഷ്മതയും കൃത്യതയും പാലിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് മേൽ അപാകത വെളിച്ചം വീശുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തി ഉചിതമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 എൽ ഇ ഡി നിർമ്മാണയൂണിറ്റ്-ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത കണ്ടെത്തി സംരംഭത്തിന്റെ തുടർപ്രവർത്തനം ഉറപ്പാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം.39/22
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി
കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിലിനായി LED ബൾബ് നിർമ്മാണയൂണിറ്റ്
വികസന ഫണ്ട് (SCP) ചെലവുതുക: 50000 Vr.No:22101370/30.3.22
പഞ്ചായത്തിന് ആവശ്യമായ എൽഇഡി ബൾബുകളുടെ നിർമ്മാണത്തിന് പരിശീലനവും, നിർമ്മാണം നടത്തുന്നതിനും വിപണനത്തിനുമാണ് പ്രൊജക്ട് ലക്ഷ്യം വെച്ചിരിക്കുന്നത്. പ്രൊജക്ടിൽ അപേക്ഷ സമർപ്പിച്ച 9 കുടുംബശ്രീ അംഗങ്ങളെ ഒരു യൂണിറ്റായി രജിസ്ട്രേഷൻ ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. (18.2.22 ലെ 1 (I) തീരുമാനം). LED ബൾബ് നിർമ്മാണപരിശീലനത്തിന് എന്റർപ്രെനർഷിപ്പ് ഡവലപ്പ്മെന്റ് സൊസൈറ്റി,മീഞ്ചന്ത കോഴിക്കോട് എന്ന സ്ഥാപനത്തിന് 50000 രൂപ കൈമാറി. പരിശീലനം ലഭിച്ച വനിതകൾ പഞ്ചായത്തിന്റെ വനിതാ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
25.2.23 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ യൂണിറ്റ് പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തി. നിർമ്മിച്ച് സൂക്ഷിച്ചിരിക്കുന്ന എൽ. ഇ.ഡി. ബൾബുകൾക്ക് വിപണന സാധ്യത കണ്ടെത്താൻ കഴിയാത്തതാണ് നേരിടുന്ന പ്രധാന പ്രശ്നമെന്ന് കുടുംബശ്രീ വനിതകൾ അറിയിച്ചു. 2022-23 ൽ മുഴുവൻ സബ്സിഡിയും കൈമാറിയിട്ടുണ്ട്.
കാറളം സി.ഡി.എസിൽ നിന്നും സൂര്യ പ്രഭ എന്ന പേരിൽ യൂണിറ്റിന് രജിസ്ട്രേഷൻ ലഭിച്ചതായും (നം.1094/ 22 Dt.18.2.22) ജി.എസ്.ടി രജിസ്ട്രേഷന് നടപടികൾ സ്വീകരിക്കുന്നതായും ഓഡിറ്റ് എൻക്വയറിക്ക് (19/25.2.23) മറുപടി നൽകി. 10.2.23 ലെ 29 (1) നം. ഭരണ സമിതി തീരുമാനപ്രകാരം തൊഴിൽ സംരംഭം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ബൾബുകൾ ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങുന്നതിന് വിഷയം തസ്വഭവ കോർഡിനേഷൻ കമ്മറ്റിയിലേക്ക്സമർപ്പിക്കാൻ തീരുമാനിച്ചതായും മറുപടിയിൽ വ്യക്തമാക്കി. സർക്കാർ സാധൂകരണം എത്രയും വേഗം ലഭ്യമാക്കി കുടുംബശ്രീയുടെ സഹായത്തോടെ ഉത്പന്നങ്ങൾക്ക് വിപണന സാധ്യത കണ്ടെത്തി സംരംഭത്തിന്റെ തുടർ പ്രവർത്തനം ഉറപ്പാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-24 കൃഷിഭവനിലേക്ക് ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് മുൻകൂർ നൽകി-കമ്പ്യൂട്ടർ ഓഡിറ്റ് തിയ്യതിയിലും ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ്നം: 118/ 22

കൃഷിഭവനിലേക്ക് ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
റോഡിതര ഫണ്ട് ചെലവു തുക : 65569
വൗച്ചർ നം/ തിയ്യതി /തുക:22101296/23.3.22/39797
വൗച്ചർ നം/ തിയ്യതി /തുക:22101297/23.3.22/25772

മേൽ തുക വിനിയോഗിച്ച് ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും 25772 രൂപയ്ക്ക് ഫർണീച്ചർ, ഫാൻ എന്നിവ വാങ്ങി. ബാക്കി 39797 രൂപ കെൽട്രോണിൽ നിന്നും ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് മുൻകൂർ നൽകി. സ്റ്റോർ പർച്ചേസ് നിബന്ധന പാലിച്ചുകൊണ്ട് കാഷ് ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല. ഇൻവോയ്സ് നം. FE 21-22747/ 22.3.22പ്രകാരം 2 സ്റ്റീൽ അലമാര, 3 സീലിംഗ് ഫാൻ, 1 വുഡൻ ടേബിൾ എന്നിവ വാങ്ങിയതിന്റെ സ്റ്റോക്ക് എൻട്രി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊഫോർമ ഇൻ വോയ്സ് TVM/ITBG/PI/RC/36116/20-21/8.3.22 പ്രകാരം കെൽട്രോണിന് 39797 രൂപ കൈമാറിയെങ്കിലും ഓഡിറ്റ് തിയ്യതി വരെയും (23.2.23) ഡസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6/24.2.23)

## 1-25 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - പൊതു അപാകതകൾ

1. (I) കേരഗ്രാമം തെങ്ങിൻ തൈ വിതരണം എസ്.സി (Proj.No:29/22)
വാഴവിത്ത് വിതരണം (Proj.No:24/22)
കുരുമുളക് തൈവിതരണം (വനിത) (Proj.No:31/22)
ഗ്രോ ബാഗ് വിതരണം- പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും (Proj.No:31/22)
കിഴങ്ങുവർഗ്ഗ വിത്തുവിതരണം വനിത (Proj.No:25/22)
കേരഗ്രാമം തെങ്ങിൻ തൈവിതരണം ജനറൽ (Proj.No:27/22)
മേൽപ്പറഞ്ഞ തൈ/ വിത്ത് വിതരണ പ്രൊജക്ടുകളിൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കാഷ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് പതിച്ചിരുന്നില്ല. മേൽ നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം കളക്ഷൻ ചേർക്കുന്ന രജിസ്റ്ററിൽ തന്നെ വിതരണവും രേഖപ്പെടുത്തിയെന്ന് കൃഷി ഓഫീസർ അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(Ii)കിഴങ്ങു വിതരണം പ്രൊജക്ടിന് വിതരണരജിസ്റ്റർ സൂക്ഷിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.
ഇൻ വോയ്സ് നം. 144/ 21-22 2.3.22 35 Unit
ഇൻ വോയ്സ് നം. 115 /21 -22 26.10.21 35 Unit
ഇൻ വോയ്സ് നം. 149 21-22 24.3.22 15 Unit (അഗ്രോ സർവ്വീസ് സെന്റർ ഇരിങ്ങാലക്കുട). ആകെ 85 കിറ്റുകൾ ലഭ്യമായിട്ടുണ്ട്.
വിത്തുവിതരണ രജിസ്റ്ററിൽ 85 പേരുടെ പേരുകൾ ചേർത്തിട്ടുള്ളതിൽ അപാകതകൾ കാണുന്നു. ക്രമ നം. 36,58,59,68,69, ക്രമ.നം 76 മുതൽ 85 വരെ വെട്ടിക്കളഞ്ഞിട്ടുള്ളതായി കാണുന്നു. വിതരണ വിശദാംശം കൃത്യതയോടെ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.കേരഗ്രാമം തെങ്ങിൻ തൈവിതരണം ജനറൽ(Proj.No:27/22)
വികസന ഫണ്ട് ചെലവു തുക : 90000
വൗച്ചർ നം/ തിയ്യതി /തുക:22100808/28.10.21/84150
വൗച്ചർ നം/ തിയ്യതി /തുക:22101196/28.02.22/5850
ഗുണഭോക്തൃ വിഹിതം: 30000
സ ഉ (സാധാ ) നം.1009/ 2020 തസ്വഭവ തിയതി 29.5.2020 സുഭിക്ഷ കേരളം പദ്ധതിയുടെ സബ് സിഡി മാർഗ്ഗരേഖ ഖ 2.7 പ്രകാരം തെങ്ങിൻ തൈകൾക്ക് എല്ലാ വിഭാഗക്കാർക്കും 100% സബ്സിഡി ഉറപ്പാക്കിയിട്ടുണ്ട് എന്നിരിക്കെ ജനറൽ വിഭാഗത്തിൽ ഗുണഭോക്തൃ വിഹിതം പിരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
3.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 3.3.22ലെ തീരുമാനം 5 പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ കൃഷി

ഓഫീസർ പ്രൊജക്ടിൽ ഉൾപ്പെടാത്ത ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയത് തിരികെ നൽകുന്നതിനായി കൃഷി ഓഫീസർ അപേക്ഷ സമർപ്പിച്ചതു പ്രകാരം തുക തിരികെ അനുവദിക്കുന്നതിനു തീരുമാനിച്ചു (31.3.22 ലെ 3 (1) ഭരണസമിതിതീരുമാനം). ഇപ്രകാരം തീരുമാനമെടുക്കാൻ ഇടയായ സാഹചര്യവും തുടർ നടപടി സ്വീകരിച്ചതിന്റെ വിവരവും രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. (6/ 24.2.23)

മേൽ അപാകതകൾ പരിഹരിച്ചതിന്റെ വിവരം രേഖകൾ സഹിതം ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-26 പൊൻ കതിർ പദ്ധതി-നെൽ വിത്തിന്റെ വിതരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പൊൻ കതിർ പദ്ധതി(Proj.No:21/22)
നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ
വികസന ഫണ്ട് ചെലവു തുക:799996
വൗച്ചർ നം/ തിയ്യതി/ തുക: 22100810/28.10.21/799996
മേൽ പ്രൊജക്ടു പ്രകാരം സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 300 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് വിത്ത് സൗജന്യമായി നൽകുന്നു. നാഷനൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡ് പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻ വോയ്സ് നം. DLB/1002322021100031 തിയ്യതി 30.9.21 പ്രകാരം 24330 Kg ഉമ നെൽ വിത്ത് വാങ്ങി വിവിധ പാടശേഖരങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ചെമ്മണ്ട കായൽ പുളിയംപാടം കട്ടും കൃഷി കർഷക സഹകരണ സംഘം ക്ലിപ്തം നമ്പർ R 320 എന്ന സമിതിക്ക് 15128 K G നെൽ വിത്ത് വിതരണം നടത്തിയിട്ടുണ്ട്. കാട്ടൂർ തെക്കും പാടം കൂട്ടുകൃഷി സംഘത്തിന് 1635 Kg യും - വെള്ളാനി കോൾ പാട കർഷക സംഘത്തിന് 1200 Kg യും വിതരണം നടത്തി. മൊത്തം 17963 Kg നെൽ വിത്തിന്റെ വിതരണ സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. ബാക്കി 6367 Kg നെൽ വിത്തിന്റെ വിതരണ വിശദാംശം ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു. ഓഡിറ്റ്എൻക്വയറിനം.(6/24.2.23).മേൽ അപാകതകൾ പരിഹരിച്ചതിന്റെ വിവരം രേഖകൾ സഹിതം ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-27 നെൽകൃഷി കൂലി ചെലവ്-അപേക്ഷകളിൽ കൃഷി ഓഫീസറുടെ വാലുവേഷൻ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

213 / 22
നെൽകൃഷി കൂലി ചെലവ് (വനിത)
വികസന ഫണ്ട് ചെലവു തുക: 80250
വൗച്ചർ നം./തീയതി:22101363/30.3.22
22/ 22
നെൽകൃഷി കൂലി ചെലവ്( ജനറൽ)
വികസന ഫണ്ട് ചെലവു തുക 600000
22101204/7.3.22/105080
22101210/15.3.22/155700
22101214/16.3.22/156120
22101205/7.3.22/156400
22101215/16.3.22/26700
ബ്ലോക്ക് പഞ്ചായത്ത് ചെലവു തുക :250000
22101203/7.3.22/57260
22101202/7.3.22/192740
ജില്ലാ പഞ്ചായത്ത് ചെലവു തുക :186486
22101284/18.3.22/63210

22101290/21.3.22/83270

22101362/30.3.22/40006

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

മേൽ രണ്ടു പ്രൊജക്റ്റുകളിലായി 1116736 രൂപ കൂലി ചെലവായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറി. 29.5.2020 മുതൽ പ്രാബല്യത്തിലുള്ള സുഭിക്ഷ കേരളം മാർഗ്ഗരേഖ പ്രകാരം ഹെക്ടറിന് 22000 രൂപ വരെ സബ്സിഡി അനുവദിക്കാം. കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ഭൂമിയുടെ കരമടച്ച രസീതുകൾ ഉൾചേർത്തിട്ടുണ്ടെങ്കിലും ആയതിൽ എത്ര സെന്റിൽ കൃഷി നടത്തി, ആയതിന് ആനുപാതികമായാണ് സബ്സിഡി കൈമാറിയത് എന്ന് പരിശോധന നടത്താവുന്ന തരത്തിൽ കൃഷി അസിസ്റ്റന്റിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ട്, കൃഷി ഓഫീസർ രേഖപ്പെടുത്തേണ്ട വാല്യേഷൻ റിപ്പോർട്ട് ഉടങ്ങിയ പ്രധാന രേഖപ്പെടുത്തലുകൾ അപേക്ഷകളിൽ ഇല്ല. (ഓഡിറ്റ് എൻക്വയറി നം. 6/24.2.23) മേൽ അപാകതകൾ പരിഹരിച്ചതിന്റെ വിവരം രേഖകൾ സഹിതം ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-28 ഖരമാലിന്യനിർമ്മാർജ്ജനം-ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഖരമാലിന്യനിർമ്മാർജ്ജന വിഷയത്തിൽ ഭരണ സമിതിയെടുത്ത മാതൃകാപരമായ തീരുമാനം ചുവടെ ചേർക്കുന്നു.

10. 8.21 ലെ 4 (1) നം തീരുമാനം.

തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള മുഴുവൻ വീടുകളുലും സ്ഥാപനങ്ങളിലും D2D (Door To Door) കവറേജ് വികസിപ്പിക്കുന്നതിനും എം.സി.എഫുകളിലേക്ക് വരുന്ന അജൈവ മാലിന്യത്തിന്റെയും (Non - Biodegradable Waste) ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന അജൈവമാലിന്യത്തിന്റെയും അളവ് തിട്ടപ്പെടുത്തുന്നതിനായി തൂക്കം അളക്കുന്നതിനുള്ള സംവിധാനം (Weighing Machine) അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു. എം.സി.എഫുകളിലേക്ക് വരുന്ന മാലിന്യത്തിന്റെയും ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന മാലിന്യത്തിന്റെയും അളവ് രേഖപ്പെടുത്തുന്നതിനായി വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ (Waste Quantificaion Register) എം.സി.എഫുകളിലും ആർ.ആർ.എഫുകളിലും സൂക്ഷിക്കുന്നതിനും പ്രസ്തുത രജിസ്റ്റർ ദിനം പ്രതി പരിശോധിച്ച് ആധികാരികമാക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

അജൈവമാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായോ ക്ലീൻ കേരള കമ്പനി നൽകുന്ന തുകയേക്കാൾ അധികം തുക നൽകാൻ തയ്യാറുള്ള സ്വകാര്യ സ്ഥാപനങ്ങളുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുമായോ കരാറിൽ ഏർപ്പെടുന്നതിനും മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ മാത്രം അപ്രകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനും പ്രസ്തുത കരാർ പ്രകാരം ക്ലീൻ കേരള കമ്പനിക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ കൈമാറുന്ന മാലിന്യത്തിന്റെ അളവ് വേയ്സ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിൽ എല്ലാ മാസവും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.

ലെഗസി മാലിന്യങ്ങൾ കുമിഞ്ഞു കൂടി കിടക്കുന്ന സൈറ്റുകൾ (Legacy Waste Sites) എത്രയും വേഗം വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇപ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ട മാലിന്യത്തിന്റെ അളവ് ശാസ്ത്രീയമായി നിർണയിക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ബയോ മൈനിംഗ് രീതിയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള പരിഹാരം കാണുന്നതിനും തീരുമാനിച്ചു.

ഹോട്ടലുകൾ, അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ ഉടങ്ങിയവയിൽ നിന്നുള്ള വലിയ തോതിലുള്ള ജൈവ മാലിന്യം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അവ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്നോ മാലിന്യം ശാസത്രീയമായി സംസ്കരിക്കാൻ ക്ഷമതയുള്ളതായി പ്രാദേശിക സർക്കാരിന്റെ സർട്ടിഫിക്കേഷനുള്ള സ്ഥാപനം മുഖേന സംസ്കരിക്കുന്നുവെന്നോ ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചു.

ആർ.ആർ.എഫുകളും എം.സി.എഫുകളും ആവശ്യമുള്ളയിടങ്ങളിലെല്ലാം സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി മുൻഗണനയനുസരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും തീരുമാനിച്ചു. അനുബന്ധമായി

ചേർക്കുന്ന പ്രകാരമുള്ള ആക്ഷൻ പ്ലാൻ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും തുടർ പ്രവർത്തനങ്ങളും യഥാവിധി നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തന പുരോഗതി യഥാവിധി നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ തിങ്കളാഴ്ചയും രാവിലെ 11 മണിയ്ക്ക് ഒരു വേയ്സ്റ്റ് മാനേജ്മെന്റ് റിവ്യൂ മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിനും ടി പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(I)മേൽ തീരുമാനപ്രകാരമുള്ള വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ ചുമതലയുള്ള വി.ഇ.ഒ സൂക്ഷിക്കുന്നുണ്ടെങ്കിൽ ലഭ്യമാക്കുന്നതിനും.
(Ii)മേൽ തീരുമാനത്തിൽ സൂചിപ്പിക്കുന്ന ഖരമാലിന്യ ആക്ഷൻ പ്ലാൻ അംഗീകാരം നേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനും.
(Iii)2021-22 വർഷത്തിൽ വി.ഇ. ഒ മാർ ഖരമാലിന്യ നിർമ്മാർജ്ജന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് സംബന്ധിച്ചും. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് സ.ഉ ( കൈ) നം.11/ 2018 തസ്വഭവ തിയതി 29. 1. 18/7.1.5 പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്ത പ്രൊജക്ടുകൾ വി.ഇ.ഒമാർ തയ്യാറാക്കണമെന്ന് നിർദ്ദേശമുള്ളതാണ്. അജൈവ മാലിന്യം കൈമാറുന്നതിന് നിലവിലുള്ള സംവിധാനം സംബന്ധിച്ച് ചുമതലയുള്ള വി.ഇ. ഒ വിശദാംശം ലഭ്യമാക്കുന്നതിനും. ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/25.2.23) മറുപടി ലഭ്യമാക്കിയില്ല. ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം പഞ്ചായത്തിൽ നിലവിലുള്ള ഖരമാലിന്യ നിർമ്മാർജ്ജനപ്രക്രിയ സംബന്ധിച്ച് സമഗ്ര റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

### 1-29 ലൈഫ് മിഷൻ - ടവർ (ഫ്ലാറ്റ്) നിർമ്മാണം-തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ലൈഫ് മിഷൻ - ടവർ (ഫ്ലാറ്റ്) നിർമ്മാണം-വിഷയത്തിൽ ഭരണ സമിതിയെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.
1.10. 8.21 ലെ 12 (1) നം ഭരണ സമിതി തീരുമാനം.

"കാറളം ഗ്രാമപഞ്ചായത്ത് ഭരണ സമിതി 22/10/2020 തീയതിയിലെ 8(1)(2) തീരുമാനപ്രകാരം ലൈഫ് മിഷനുമായി കരാറിൽ ഏർപ്പെട്ട് ഭൂമി ലൈഫ് മിഷന് വിട്ടുനൽകുന്നതിന് തീരുമാനിച്ചതിൻറെ അടിസ്ഥാനത്തിൽ വിവരം ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ അറിയിക്കുകയും, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/12/2020ലെ LM/EW/52/CRNWORKFILE/REG-1/2020 നമ്പർ കത്ത്14/01 /2021ലെ ഭരണമിതി ചർച്ച ചെയ്യുകയും 3(1)തീരുമാന പ്രകാരം ലൈഫ് മിഷനും,കാറളം ഗ്രാമപഞ്ചായത്തും തദ്ദേശ സ്വയം ഭരണ വകുപ്പിൻറെ കീഴിൽ വരുന്നതിനാൽ കരാർ ആവശ്യമില്ലെന്ന് അറിയിച്ചിതിൻറെ അടിസ്ഥാനത്തിൽ കരാർ ഒഴിവാക്കുന്നതിനും, പഞ്ചായത്ത് നേരിട്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും, കമ്പനി പഞ്ചായത്തുമായി കരാറിൽ ഏർപ്പിട്ടില്ലാത്തതിനാലും പ്രസ്തുത ഭൂമി ഫ്ലാറ്റ് നിർമ്മാണത്തിനായി ലൈഫ് മിഷന് വിട്ടു നൽകുന്നതിനും തീരുമാനിച്ച വിവരം തീരുമാന സഹിതം ജില്ലാ ലൈഫ് മിഷനെ അറിയിച്ചിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിന് ലൈഫ് മിഷൻ തയ്യാറാകാത്ത സാഹചര്യം യോഗം വിശദമായി ചർച്ച ചെയ്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾക്കും, പഞ്ചായത്തുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്നവർക്കുമാണ് നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൻറെ ആസ്തിയോ, ഉടസ്ഥതയിലോ ഉള്ള ഭൂമി വിട്ടു നൽകിവരുന്നത്. പഞ്ചായത്ത് ഭൂമി നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും പ്രത്യേകം പരാമർശം ഇല്ലാത്തതിനാലും, 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടം 19 പ്രകാരം പഞ്ചായത്തുമായി നേരിട്ട് കരാറിൽ ഏർപ്പെടാത്ത ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ പഞ്ചായത്ത് ഭൂമി കൈമാറാവുന്നതാണോ എന്ന കാര്യത്തിൽ വ്യക്തവരുത്തുന്നതിന് ബഹു. സർക്കാരിനോട് അപേക്ഷിക്കുന്നതിനും, പട്ടികജാതി വിഭാഗങ്ങളുടെ ഭവന പുനരധി വാസത്തിനായി പട്ടികജാതി വിഭാഗ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ കാറളം ഗ്രാമപഞ്ചായത്തിൽ കാറളം വില്ലേജിൽ സർവ്വേ നം 940/3 ഉൾപ്പെട്ട 33ആർ99സ്ക്വ മീറ്റർ സ്ഥലം ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിലൂടെ ഫ്ലാറ്റ് നിർമ്മാണം നടത്തുന്നതിന് ലൈഫ് മിഷൻ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ലൈഫ് മിഷൻ നിർദ്ദേശിച്ചിട്ടുള്ള മിത്സുമി ഹൗസിങ്ങ് പ്രൈവറ്റ് ലിമിറ്റഡ്, അഹമ്മദാബാദ്, ഗുജറാത്ത് എന്ന കമ്പനിയ്ക്ക്

ഫ്ലാറ്റ് നിർമ്മാണത്തിന് പഞ്ചായത്ത് നേരിട്ട് കൈമാറുന്നതിനായി ബഹു. സർക്കാരിൽ നിന്നും ഒരു പ്രത്യേക അനുമതിയ്ക്കായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു."

മേൽ വിഷയത്തിൽ സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

2.16.9.21 ലെ 14 (1) നം. ഭരണ സമിതി തീരുമാനം.

കാറളം ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി നിർമ്മാണ പ്രവൃത്തി നടത്തുന്ന ഭൂമിയിൽ ഇതിന് മുമ്പ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സിമന്റ് കട്ട നിർമ്മാണാവശ്യത്തിനായി ഇലക്ട്രിക് കണക്ഷൻ എടുത്തിരുന്നു. എന്നാൽ കട്ട നിർമ്മാണം അവസാനിച്ചുവെങ്കിലും ഇലക്ട്രിക് കണക്ഷൻ നിലനിന്നിരുന്നു. ആയത് വിച്ഛേദിക്കുന്നതിന് കെ.എസ്.ഇ.ബി. യ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ലൈഫ് മിഷൻ ഭവന സമുച്ചയത്തിനായി നിർമ്മാണം നടത്തുന്ന കമ്പനി പ്രസ്തുത കണക്ഷൻ ഉപയോഗിച്ചതിനാൽ നിലവിൽ 4425/- രൂപയുടെ ബിൽ അടക്കുന്നതിനായി കെ.എസ്.ഇ.ബി. ബിൽ നൽകിയത് കമ്മിറ്റി നിരീക്ഷിച്ചു. ഇത് സംബന്ധിച്ച് പഞ്ചായത്തിന്റെ വൈദ്യുതി കണക്ഷൻ അനുമതിയില്ലാതെ ഉപയോഗിച്ചതിനാൽ ആയതിന്റെ വൈദ്യുതി ചാർജ്ജ് കമ്പനിയിൽ നിന്ന് ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ടി വിവരം ലൈഫ് മിഷനെ അറിയിക്കുന്നതിനും തീരുമാനിച്ചു.

മേൽ തീരുമാനത്തിൽ എടുത്ത തുടർ നടപടി വിവരവും അറിയിക്കേണ്ടതാണ്. കെ.എസ്.ഇ.ബി ബിൽ തുക 4425 രൂപ എപ്രകാരം ലൈഫ്മിഷനിൽ നിന്ന് ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ കാര്യങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/25.2.23) മറുപടി ലഭ്യമാക്കിയില്ല. ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ അനുവദിച്ച 150000രൂപ ശുചിത്വ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡ്തല ശുചിത്വ കമ്മിറ്റി കൺവീനർമാർക്ക് കൈമാറി. ആയതിന്റെ ചെലവു രേഖകൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.Vr.No:2210051/17.4.21 (ഓഡിറ്റ് എൻക്വയറി നം.21/25.02.2023)

## 1-31 നിഷ്ക്രിയ ആസ്തിയായി തുടരുന്ന കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിലെ 14ാം വാർഡിൽ 14/198A കാറളം വില്ലേജ് സർവ്വേ നം. 851 ൽ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പണിതു നൽകിയ വനിതാ വ്യവസായ കേന്ദ്രം കെട്ടിട ത്തിൽ പ്രവർത്തിക്കുന്ന എൽ. ഇ.ഡി. ബൾബ് നിർമ്മാണയൂണിറ്റ് 25.2.23 ന് സന്ദർശിച്ച വേളയിൽ പ്രസ്തുത കെട്ടിടത്തിനരികെ മറ്റൊരു ഇരു നില കെട്ടിടം പ്രവർത്തനക്ഷമമല്ലാതെ പൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. വാടകവരുമാനം തുച്ഛമായ പഞ്ചായത്തിന് പ്രസ്തുത കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 22/ 25.2.23)

## 1-32 തെരുവുവിളക്ക് അറ്റകുറ്റപണി-ടെണ്ടർ നടപടികളിലെ അപാകതകളും ജി എസ് ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കുന്നതും

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ/തീയ്യതി | തുക |
|---|---|---|
| 95/22- തെരുവുവിളക്ക് അറ്റകുറ്റപണി | 22101039/28.1.22 | 51151 |
| | 22101012/29.12.21 | 70852 |
| | 22101312/24.03.22 | 58965 |
| | 22100642/12.10.21 | 95011 |
| | | 275979 |

2021-22 ൽ തെരുവുവിളക്ക് അറ്റകുറ്റപണി എന്ന പ്രോജക്റ്റ് നടപ്പാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അഭിലാഷ് കെ.ആർ, ബ്രൈറ്റ് ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 30/7/21 ലെ 5(2)നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ അഭിലാഷ് 12/8/21ൽ നല്കിയ കത്തുപ്രകാരം കോവിഡ് സാഹചര്യം മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതിനാൽ ടെണ്ടറിൽ നിന്ന് ഒഴിവാക്കുന്നതിന് ഭരണസമിതിയോട് ആവശ്യപ്പെട്ടു. തുടർന്ന് ടെണ്ടർ സമർപ്പിച്ചതിൽ രണ്ടാമതായി കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ചന്ദ്രൻ എന്നവരെ പരിഗണിക്കുന്നതിനും 30/7/21 ൽ അംഗീകരിച്ച ടെണ്ടർ നിരക്കുകളുടെ പരമാവധി 10% വരെ അധിക നിരക്ക് നെഗോസിയേഷൻ നടത്തി അംഗീകരിക്കുന്നതിനും 13/8/21 ലെ 1(4) നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ചന്ദ്രൻ കെ യുമായി നിരക്കുകൾ നെഗോഷിയേറ്റ് ചെയ്ത് 3/9/21 കരാറിലേർപ്പെടുകയും ചെയ്തു.

1.കുറഞ്ഞനിരക്ക് ടെണ്ടറിൽ രേഖപ്പെടുത്തി തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനം കരാറിലേർപ്പട്ടില്ല.തെരെഞ്ഞെടുക്കപ്പെട്ട ടെണ്ടർ നിരക്കിനേക്കാൾ 10% അധിക നിരക്കിൽ കരാറിലേർപ്പെടാൻ നെഗോസിയേഷൻ നടത്തിയത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം.

പിഡബ്ലിയു ഡി മാന്വൽ ഖണ്ഡിക 2009-6 പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരൻ കരാറിലേർപ്പെടാൻ തയ്യാറാകാതിരുന്നാൽ രണ്ടാമത് കുറവ് നിരക്ക് ക്വാട്ട് ചെയ്തയാളോട്, കരാറിലേർപ്പെടാതിരുന്ന ആൾ ക്വാട്ട് ചെയ്ത നിരക്കിൽ കരാറിലേർപ്പെടാൻ സാധിക്കുമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും അപ്രകാരം സമ്മതിക്കാതിരുന്നാൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ കുറവ് ക്വാട്ട് ചെയ്തയാളുടെ നിരക്കിനേക്കാൾ 10% അധിക നിരക്ക് നെഗോഷ്യേറ്റ് ചെയ്യാനാണ് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചത്. ഈ തീരുമാനം നിലവിലെ മാന്വലിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്തയാളുടെ നിരക്കിൽ രണ്ടാമത് കുറവ് ക്വാട്ട് ചെയ്തയാൾ പ്രവൃത്തി പൂർത്തീകരിക്കുമോയെന്ന് പരിശോധിക്കാതെ 10% വരെ അധികനിരക്ക് എന്ന് മുൻകൂട്ടി നിശ്ചയിച്ച് രണ്ടാമത്തെ കുറവ് നിരക്ക് ക്വാട്ട് ചെയ്തയാളോട് നെഗോസിയേഷൻ നടത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായേക്കാനുള്ള സാധ്യത ഉണ്ട്. രണ്ടാമത്തെ നിരക്ക് ക്വാട്ട് ചെയ്തയാൾ മേൽ പ്രകാരം കുറഞ്ഞ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുമോ, റീ ടെണ്ടർ ചെയ്താൽ ചെയ്താൽ ലഭ്യമാകുന്ന നിരക്കുകൾ നിലവിലെ നിരിക്കിനേക്കാൾ കൂടുമോ കുറയുമോ എന്നീ വസ്തുതകൾ പ്രവചനാതീതമായതിനാൽ നിലവിലുള്ള നിയമം/ചട്ടം/മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

2.കുറഞ്ഞനിരക്ക് ടെണ്ടറിൽ രേഖപ്പെടുത്തി തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനം കരാറിലേർപ്പട്ടില്ല. ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയില്ല.

മേൽ പ്രകാരം കരാറിലേർപ്പെടുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷിച്ച ശ്രീ അഭിലാഷ് കെ രസീത് നമ്പർ 12030100649 തീ 19/7/21 പ്രകാരം അടവാക്കിയ ഇ എം ഡി 2060 രൂപ നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരുമാനമായി മുതൽ കൂട്ടിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും ബാലൻസ്ഷീറ്റ് പ്രകാരവും ഈ തുക ഇപ്പോഴും തിരികെ നല്കാനുള്ള ഡെപ്പോസിറ്റ് ആയി നിലനിർത്തിയിരിക്കുന്നു. ആയത് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

3.ജി എസ് ടി ഇൻവോയ്സിന് പകരം കത്തിന്റെ അടിസ്ഥാനത്തിൽ തുക നല്കി

സർക്കാരിന്റെ സർക്കുലർ നമ്പർ 18/19/ധനം തീയ്യതി 1.03.2019 ഖണ്ഡിക 4 പ്രകാരം ജിഎസ്ടി രജിസ്ട്രേഷൻ ഉള്ള കരാറുകാരിൽ നിന്നു മാത്രമേ ടെണ്ടർ സ്വീകരിക്കേണ്ടതുള്ളൂ. ജി എസ് ടി രജിസ്ട്രേഷൻ ഉള്ള കരാറുകാർ ജി എസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളുടെ /സേവനങ്ങളുടെ ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ ഇൻവോയ്സ് ലഭ്യമാക്കാതെ കരാറുകാരൻ നല്കിയ കത്തിന്റെയും വാർഡ്മെമ്പർമാർ നല്കുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയ്ക്കുള്ള തുക കരാറുകാരനായ ശ്രീ.ചന്ദ്രൻ കെ യ്ക്ക് നല്കിയിരിക്കുന്നത്. *നിലവിൽ ലഭ്യമാക്കുന്ന* രേഖകളോടൊപ്പം തന്നെ ജി എസ് ടി ഇൻവോയ്സ് കൂടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 9 തീ 24/2/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-33 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് - കെൽട്രോണിന് മുൻകൂർ - നാളിതുവരെ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ/തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 203/22 –സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ്. | 22101391/19.3.22 | 142900 | 251202601- Sanitation & Waste Management - Public - General |
| | 22101392/24.03.22 | 62000 | |
| | | 204900 | |

1.പ്രഫോർമ ഇൻവോയ്സിന്റെയും കരാറിന്റെയും അടിസ്ഥാനത്തിൽ കെൽട്രോണിന് നല്കിയ തുകയാണ് പ്രോജക്റ്റിന്റെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. ലാപ്ടോപ്പ് ഉൾപ്പെടെയുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള പ്രഫോർമ ഇൻവോയ്സാണ് ലഭ്യമാക്കിയിരിക്കുന്നത്. ഇതിൽ 50,000 രൂപയുടെ ലാപ്ടോപ്പ് മാത്രമാണ് കെൽട്രോൺ സപ്ലൈ ചെയ്തിട്ടുള്ളത്. തുക കെൽട്രോൺ കൈപ്പറ്റിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 154900 രൂപയുടെ സാധനങ്ങൾ/സേവനങ്ങൾ സപ്ലൈ ചെയ്തതായി കാണുന്നില്ല. സാധനങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2. മുൻകൂർ ആയി നല്കിയ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു. ലാപ്ടോപ്പിന്റെ മൂല്യം 50,000 രൂപ “251202601- Sanitation & Waste Management” എന്ന ചെലവ് ശീർഷകത്തിലേയ്ക്കാണ് ബുക്ക് ചെയ്തിരിക്കുന്നത്.ആയത് 2022-23 ൽ ആസ്തി ശീർഷകത്തിലേയ്ക്കും ബാക്കി തുക 154900 രൂപ സ്ഥാപനങ്ങൾക്ക് നല്കിയ മുൻകൂർ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതും, മുൻകൂർ രജിസ്റ്ററിൽ ചേർക്കേണ്ടതും പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ/സേവനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനത്തിന്റെ ആസ്തിയായി/ചെലവായി ഉൾപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 9, തീ.24/2/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 ക്ലീൻ കേരള കമ്പനിയ്ക്ക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തുക കൈമാറൽ- വേയ്ബ്രിഡ്ജ് ബിൽ ഇല്ലാതെ തുക നല്കി

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ/തീയ്യതി | തുക |
|---|---|---|
| 184/22 –ക്ലീൻ കേരള കമ്പനിയ്ക്ക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തുക കൈമാറൽ | 22101011/29.12.21 | 98353 |

മേൽ പ്രോജക്റ്റ് പ്രകാരം 8335 കി.ഗ്രാം മാലിന്യം ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കൈമാറിയതിന് കളകഷൻ ചാർജ്ജിനത്തിൽ ആ സ്ഥാപനത്തിന് 98353 രൂപ നല്കിയിട്ടുണ്ട്. വി ഇ ഒ മനവലശ്ശേരിയുടെ 22/12/21 ലെ റിപ്പോർട്ട് പ്രകാരം 4 ദിവസങ്ങളിലായി 8335 കി.ഗ്രാം മാലിന്യം കൈമാറിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാലിന്യം ഓരോ പ്രാവശ്യവും വേയ് ബ്രിഡ്ജിൽ ഭാരം കണക്കാക്കിയതിന്റെ ബില്ല് ലഭ്യമാക്കിയിട്ടില്ല. വി.ഇ. ഒയുടെ റിപ്പോർട്ട് പ്രകാരമുള്ള വാഹനങ്ങളുടെ മോഡൽ "പരിവാഹൻ " സൈറ്റിൽ നിന്നും അവയുടെ ലോഡ് കപ്പാസിറ്റി അതാത് മോഡലുകളുടെ ഔദ്യോഗിക സൈറ്റിൽ നിന്നും ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വി ഇ ഒ യുടെ റിപ്പോർട്ട് | | | വെബ് സൈറ്റുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ | | |
|---|---|---|---|---|---|
| തീയ്യതി | മാലിന്യം കൊണ്ടു പോയ വാഹന നമ്പർ | മാലിന്യത്തിന്റെ ഭാരം (കി.ഗ്രാം) | വാഹനത്തിന്റെ മോഡൽ (പരിവാഹൻ സൈറ്റ്) | വാഹനത്തിന്റെ അംഗീകരിക്കപ്പെട്ട പേ ലോഡ് | അംഗീകരിക്കപ്പെട്ട പേലോഡിനേക്കാൾ കൂടുതൽ കയറ്റിയത് |

| | | | | | |
|---|---|---|---|---|---|
| 17/08/21 | KL63A654 | 1920 | ASHOK LEYLAND DOST LS BS-III | 1350 | 570 |
| 18/08/21 | KL63A654 | 2120 | “ | 1350 | 770 |
| 22/08/21 | KL42M2196 | 2310 | DOST RLX BS IV GOODS VEHICLE | 1500 | 810 |
| 22/08/21 | KL63A654 | 1985 | ASHOK LEYLAND DOST LS BS-III | 1350 | 635 |
| | | 8335 | | 5550 | 2785 |

കൃത്യമായ വേയ്ബ്രിഡ്ജ് ബില്ല് ഇല്ലാത്തതിനാൽ നല്കിയ മാലിന്യത്തിന്റെ അളവിന്റെ കൃത്യത പരിശോധിക്കാതെ സെക്രട്ടറി കമ്പനിയ്ക്ക് തുക നല്കിയതായി കാണുന്നു.ജി എസ് ടി 18 % ഉൾപ്പെടെ 11.8 രൂപയാണ് ഓരോ കിലോ മാലിന്യം നല്കുന്നതിനും ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നല്കുന്നത്. ഇപ്രകാരം 2785 കിലോയ്ക്ക് 32863 രൂപ വരെ കൂടുതൽ നല്കിയിട്ടുണ്ടാവാൻ സാധ്യത കാണുന്നു.

പഞ്ചായത്ത് ഭരണസമിതിയുടെ 10.08.21 ലെ 4(1) നമ്പർ തീരുമാനം പ്രകാരം മാലിന്യം ശേഖരിക്കുന്നതും കൈമാറുന്നതുമായി ബന്ധപ്പെട്ട് കണക്ക് സൂക്ഷിപ്പിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തിയതായി കാണുന്നു.ഭരണസമിതി തീരുമാനം താഴെ ചേർക്കുന്നു.

“എം.സി.എഫുകളിലേക്ക് വരുന്ന മാലിന്യത്തിന്റെയും ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന മാലിന്യത്തിന്റെയും അളവ് രേഖപ്പെടുത്തുന്നതിനായി വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ (Waste Quantificaion Register) എം.സി.എഫുകളിലും ആർ.ആർ.എഫുകളിലും സൂക്ഷിക്കുന്നതിനും പ്രസ്തുത രജിസ്റ്റർ ദിനം പ്രതി പരിശോധിച്ച് ആധികാരികമാക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

അജൈവമാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായോ ക്ലീൻ കേരള കമ്പനി നൽകുന്ന തുകയേക്കാൾ അധികം തുക നൽകാൻ തയ്യാറുള്ള സ്വകാര്യ സ്ഥാപനങ്ങളുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുമായോ കരാറിൽ ഏർപ്പെടുന്നതിനും മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ മാത്രം അപ്രകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനും പ്രസ്തുത കരാർ പ്രകാരം ക്ലീൻ കേരള കമ്പനിയ്ക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ കൈമാറുന്ന മാലിന്യത്തിന്റെ അളവ് വേയ്സ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിൽ എല്ലാ മാസവും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.”

എന്നാൽ മേൽ തീരുമാനവുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളൊന്നും ഹാജരാക്കിയിട്ടില്ല.ക്ലീൻ കേരള കമ്പനിയ്ക്ക് തുക അനുവദിക്കുന്നതിന് വി.ഇ.ഒ യിൽ നിന്നും ലഭ്യമാക്കേണ്ട വേബ്രിഡ്ജ് ബിൽ, രജിസ്റ്ററുകൾ എന്നിവയുടെ അഭാവത്തിൽ സെക്രട്ടറി തുക നല്കിയത് ശരിയായ നടപടിയല്ല. മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 98353 രൂപ ഓഡിറ്റിൽ താത്കാലികമായി തടസ്സപ്പെടുത്തുന്നു.ക്ലീൻ കേരള കമ്പനിയ്ക്ക് നല്കിയ മാലിന്യത്തിന്റെ അളവിന്റെ കൃത്യത തെളിയിക്കുന്ന മേൽ രേഖകൾ 2 മാസത്തിനകം ഓഡിറ്റിന് ലഭ്യമാക്കാത്തപക്ഷം മാലിന്യം കൊണ്ടു പോയ വാഹനങ്ങളുടെ പരമാവധി ഭാരം വഹിക്കുന്ന ശേഷിയ്ക്ക് അനുസൃതമായി മാത്രം മാലിന്യം കയറ്റിയതായി കണക്കാക്കി ബാക്കി മാലിന്യത്തിന് നല്കിയതായി മേൽ പട്ടികയിൽ കണക്കാക്കിയ തുക 32863 രൂപ, ഈ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9 തീ 24/1/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രൊജക്ടുകളിൽ തുക ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവ ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ചതുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ വായ്പ | LF 511/2018 തീയതി 02.01.2019 | 9130526 | 7708134 | 762667 | | 6945467 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

| ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തിയ്യതി |
|---|---|---|---|
| 2019-20 | 15730, 550, 495 | NSS കരയോഗം, സിഎച്ച്സി പെരിഞ്ഞനം, ജിയുപിഎസ് പെരിഞ്ഞനം | 1210101108/17.11.2021 1210102319/18.12.2021 1210102307/17.12.2021 |
| ആകെ തുക | 16775 | | |

മേൽ തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി കണക്ക് തെയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 2016-17 | 1 | 2016-17 | 2-3 | തൊഴിൽ നികുതി രജിസ്റ്റർ | അപാകതകൾ പരിഹരിച്ചിട്ടുണ്ട്. |
| 2 | 2016-17 | | 2016-17 | 2-5 | ജീവനക്കാരുടെ തൊഴിൽനികുതി | അപാകതകൾ പരിഹരിച്ചിട്ടുണ്ട്. |

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66631993.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65168684.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 98353 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| തടസ്സം ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 98353 | മധുരാജ്.കെ, സെക്രട്ടറി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മധു രാജ്.കെ, സെക്രട്ടറി, കാറളം | പുതുമനപ്പള്ളി വീട്, പി.ഒ നടവരമ്പ്, വേളൂക്കര-680661 | പുതുമനപ്പള്ളി വീട്, പി.ഒ നടവരമ്പ്, വേളൂക്കര-680661 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേ- | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്കസ് (CAR/CASE/ |
|---|---|---|---|---|---|

| നം. | | | ഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | ഖണ്ഡികകൾ | CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT.8-136(2)/98 Dt.3.6.98 | 3 | 26(എ,ബി), 27(ബി), 33(1,2,3) | SCH |
| 2 | 1997-98 | LFT.8-1366/98 Dt.12.5.1999 | 4 | 27(4,5,6,7),29,36, 37 | |
| 3 | 1998-99 | LFT.8-202/01 Dt.15.5.01 | 12 | 8,30,31 | ഭരണവകുപ്പ് |
| | | | | 45(എ,ബി),46,47, 48,50,51, 53(3,4),54,55 | SCH |
| 4 | 1999-2000 | LFT.16-1422/01 Dt.24.4.02/2.9.02 | 7 | 24(d,e), 52,54,55, | ഭരണവകുപ്പ് |
| | | | | 51,53,56 | CAR |
| 5 | 2000-01 | LFT.16-875/02 Dt.21.10.02/9.4.03 | 2 | 45,46 | CAR |
| 6 | 2001-02 (വരവ്-ചെലവ്) | LFT.16-827/05 Dt.29.12.05/ 2.3.06 | 2 | 2-2, 3-2 | ഭരണവകുപ്പ് |
| 7 | 2001-02 (ജനകീയാസൂത്രണം) | LFT.16-1340/03 Dt.20.2.04 | 1 | 4 | |
| 8 | 2004-05 | LFT.16-1823/07 Dt.22.09.08/4.11.08 | 1 | 3-9 | |
| 9 | 2006-07 | LFT.16-583/10 Dt.24.1.2011 | 2 | 3-4, 3-5 | |
| 10 | 2007-08 | LFT.1199/11 Dt.6.12.11/18.5.12 | 4 | 3-1,3-3,3-4,3-10 | |
| 11 | 2008-09 | LFT.11-1200/11 Dt.6.12.11/18.5.12 | 8 | 3-5,3-7,3-11, 3-12,3-16 | |
| | | | | 3-6 | Case (Vigilance) |
| | | | | 3-8 | CAR |
| | | | | 3-9 | |
| 12 | 2009-10 & 2010-11 | LFT(P3)-2295/12 Dt.18.3.13/1.7.13 | 10 | 3-3,3-6,3-10, 3-14,3-7,3-16, 3-17,3-18, | |
| | | | | 3-9, 3-20 | CAR |

| | | | | | |
|---|---|---|---|---|---|
| 13 | 2011-12 | LFT(P3)-232/13 Dt.17.4.13/1.8.13 | 1 | 3-2-1 | |
| 14 | 2012-13 | LFT(P7)-1700/14 Dt.9.2.15/8.6.15 | 4 | 3-3,3-9,3-11,3-8 | |
| 15 | 2013-14 | KSATSR(P7)-183/16 Dt.19.2.16/10.3.16 | 3 | 3-9,3-18, | |
| | | | | 3-17 | |
| 16 | 2014-15 | KSATSR(P7)-1151/16 Dt.20.7.16 | 3 | 3-1 | |
| | | | | 3-7(ഏ) | |
| | | | | 3-8 | |
| 17 | 2015-16 | KSATSR(P7)-148/17 Dt.27.1.17 | 10 | 2-5 | CAR |
| | | | | 2-6,3-5,3-6,3-7, 3-12,3-13,3-14, 3-19,3-23 | |
| 18 | 2016-17 | KSATSR(P7)-1718/17 Dt.30.11.17/1.1.18 | 6 | 2-4,3-2(1,2,4), 3-3,3-6,3-8 | |
| | | | | 3-10 | |
| 19 | 2017-18 | KSATSR(P7)-136/19 Dt.17.5.19 | 7 | 2-1,2-2,3-3,3-8, 3-11,3-12,3-13 | |
| 20 | 2018-2019 | KSATSR(P7)-192/20 Dt.30.04.20 | 14 | 1-11,1-13,1-17, 1-18,1-19,1-23, 1-24,1-25 1-26,1-27,1-28, 1-29,1-30,1-32 | |
| 21 | 2019-2020 | KSATSR(P8)-873/21 Dt.02.07.21 | 12 | 1-11,1-12(2,3,4), 1-13, 1-14,1-115, 1-16,1-17,1-19, 1-20,1-21,1-22,1-23 | 1-23 |
| 22 | 2020-2021 | KSATSR(P8)-961/22 Dt.03.07.22 | 38 | 1-10,1-11,1-12, 1-13,1-14,1-15,1-16, 1-17,1-18, 1-19,1-20,1-21, 1-22,1-23,1-24, 1-25,1-26, 1-27,1-28,1-29, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-30,1-31,1-32,<br>1-33,1-34,1-35,<br>1-36,1-37,1-38,<br>1-39,1-40,1-41,<br>1-42,<br>1-43,1-44,1-45,<br>1-46,1-47 | |
| | ആകെ | | 154 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്